**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4987** **11-08-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് വാക്സിൻ സർട്ടിഫിക്കറ്റിലെ പിഴവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് വാക്സിന്റെ രണ്ട് ഡോസും എടുത്ത ചിലർക്ക് ഫൈനൽ സർട്ടിഫിക്കറ്റ് ലഭിക്കുമ്പോൾ ആദ്യ ഡോസ് എടുത്തതായുള്ള രേഖപ്പെടുത്തൽ പ്രസ്തുത സർട്ടിഫിക്കറ്റിൽ ഇല്ലാത്തതുമൂലമുണ്ടാകുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കേന്ദ്ര ആരോഗ്യകുടുംബക്ഷേമ മന്ത്രാലയത്തിന്റെ കോവിൻ പോർട്ടലിൽ നിന്ന് ഇപ്പോൾ ലഭിക്കുന്ന കോവിഡ് വാക്സിനേഷൻ ഫൈനൽ സർട്ടിഫിക്കറ്റിൽ രണ്ട് വാക്സിനേഷൻ ഡോസിന്റെ വിവരവും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വിവിധ കാരണങ്ങളാൽ ഒന്നാം കോവിഡ് വാക്സിന്റെ വിവരം കോവിഡ് പോർട്ടലിൽ രേഖപ്പെടുത്താതിരിക്കുകയും പിന്നീട് കോവിഡ് വാക്സിന്റെ രണ്ടാം ഡോസിനായി നേരിട്ട് രജിസ്റ്റർ ചെയ്യുകയും ചെയ്യുന്നവരുടെ സർട്ടിഫിക്കറ്റിൽ ഒന്നാം ഡോസിന്റെ വിവരം രേഖപ്പെടുത്താത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | വാക്സിൻ സർട്ടിഫിക്കറ്റിൽ രണ്ട് ഡോസും എടുത്തതായി രേഖപ്പെടുത്താത്തത് കാരണം വിദേശത്ത് ജോലിക്ക് പോവാൻ ചില രാജ്യങ്ങളിൽ നിന്ന് അനുമതി ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി നടപടി സ്വീകരിക്കാമോ; | (ബി) | കേന്ദ്ര ആരോഗ്യകുടുംബക്ഷേമ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അവിടെ നിന്നുള്ള ആശയവിനിമയം അനുസരിച്ച് പ്രശ്നം ഉടൻ പരിഹരിക്കപ്പെടും എന്ന് അറിയിച്ചിട്ടുണ്ട്. |
| (സി) | കോവിഡ് വാക്സിൻ സൈറ്റിലെ പിഴവുകൾ തിരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇത് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | കോവിഡ് വാക്സിൻ സൈറ്റിലെ പ്രശ്നങ്ങൾ കേന്ദ്ര ആരോഗ്യകുടുംബക്ഷേമ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. കോവിഡ് വാക്സിനേഷൻ സർട്ടിഫിക്കറ്റിനെ സംബന്ധിച്ചുള്ള പല പ്രശ്നങ്ങളും ഇതിനോടകം തന്നെ പരിഹരിച്ചിട്ടുണ്ട്. കോവിഡ് വാക്സിനേഷൻ സൈറ്റിനെ സംബന്ധിച്ചുള്ള മറ്റ് പ്രശ്നങ്ങൾ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ